പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 601 — 28.09.2016 -ൽ മറുപടിക്ക്

## മൃഗശാലകളിലെ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിൽ മൃഗങ്ങളെ പരിശോധിക്കുന്നതിന് ആകെ എത്ര ഡോക്ടർമാരാണ് നിലവിലുള്ളത് ; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ; | (എ) | മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ മൃഗങ്ങളെ പരിശോധിക്കുന്നതിന് ഓരോ ഡോക്ടർമാർ വീതമാണുള്ളത്. ഡോക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നില്ല. |
| (ബി) | മൃഗശാലകളിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; | (ബി) | ഉണ്ട്. തിരുവനന്തപുരം മൃഗശാലയിൽ ഡോക്ടറുടെ സേവനം അപര്യാപ്തമായതിനാൽ ഡോക്ടറുടെ ഒരു തസ്തിക കൂടി സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | മൃഗശാലകളിൽ കുറവുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടോ ; അതുപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. തൃശ്ശൂർ മൃഗശാലയിൽ ലാബ് അസിസ്റ്റന്റ്, വെറ്ററിനറി കമ്പോണ്ടർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻ കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | മൃഗങ്ങളുടെ വർദ്ധനവിന് ആനുപാതികമായി മൃഗശാലകളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | (ഡി) | തിരുവനന്തപുരം മൃഗശാലയിൽ വെറ്ററിനറി സർജ്ജന്റേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടേയും തൃശ്ശൂർ മൃഗശാലയിൽ ലാബ് അസിസ്റ്റന്റിന്റേയും, വെറ്ററിനറി കമ്പോണ്ടറിന്റേയും തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ